# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4970 — 24/7/2015-ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റിയുടെ മാവേലിക്കര സബ്ഡിവിഷൻ

**ചോദ്യം**

ശ്രീ. ആർ.രാജേഷ്

(എ) കേരള് വാട്ടർ അതോറിറ്റിയുടെ മാവേലിക്കര സബ്ഡിവിഷനിൽ പമ്പ് സെറ്റ് ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിന് 37 ലക്ഷം രൂപ അനുവദിച്ചിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടി കൾ പൂർത്തീകരിച്ചിട്ടും പ്രവർത്തനാനു മതി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(സി) പ്രവർത്തനാനുമതി ലഭ്യമാക്കാത്ത തിന്റെ കാരണം വിശദമാക്കുമോ;

(ഡി) തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) ഇതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എഫ്) 2015 ജൂലൈ 31-ന് മുൻപായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**മറുപടി**

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) (സി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

(ഡി) (ഇ) & (എഫ്) 05/7/2014-ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിക്ക് രണ്ടു തവണ ടെണ്ടർ ക്ഷണിച്ചിരുന്നു. ആദ്യതവണ (21/10/2014) ഒരു കരാറുകാരൻ മാത്രമേ പങ്കെടുത്തിരുന്നുള്ളൂ. എസ്റ്റിമേറ്റ് തുകയ്ക്ക് മുകളിൽ രേഖപ്പെടുത്തിയ സിംഗിൾ ടെണ്ടർ ആയതുകാരണം റദ്ദു ചെയ്തു. റീ-ടെണ്ടർ (22/2/2015) ചെയ്തിട്ടും ആരും പങ്കെടുത്തില്ല. ടി പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് അംഗീകരിച്ച ശേഷം കേരള വാട്ടർ അതോറിറ്റി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതും പ്രവർത്തി നടപ്പാക്കാൻ കഴിയുന്നതുമാണ്.

സെക്ഷൻ ഓഫീസർ

JSK/